## സംയോജിത ശിശു സംരക്ഷണ പദ്ധതി
## സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
## (സാന്നിദ്ധ്യം:- ശ്രീമതി. അനുപമ.റ്റി.വി IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ്-ICPS SARA- സെന്റ് ജോസഫ് ഫൗണ്ട്ലിംഗ് ഹോം, കോഴിക്കോട്- 2020-21 സാമ്പത്തിക വർഷത്തെ ആദ്യ ഗഡു ഗ്രാന്റ് തുക അനുവദിച്ച്- ഉത്തരവാകുന്നു.

പരാമർശം: 1. 09.03.2020 ലെ സ്ഥാപനത്തിന്റെ അപേക്ഷ.
2. 09.03.2021 ലെ കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ DCPO/K/372/21 നമ്പർ അന്വേഷണ റിപ്പോർട്ട്.
3. 28.01.2021 ലെ കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F.No.CW-II 22/30/ 2015-CW-II

## ഉത്തരവ് നമ്പർ- ICPS-SARA/2587/2020 തീയതി 18.03.2021

വനിതാ ശിശു വികസന മന്ത്രാലയവും, സംസ്ഥാന വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി, 2020-21 സാമ്പത്തിക വർഷം അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വരുന്ന ഗ്രാന്റ് ലഭിക്കുന്നതിന് സെന്റ് ജോസഫ് ഫൗണ്ട്ലിംഗ് ഹോം, കോഴിക്കോട് എന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ, കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ് ഫൗണ്ട്ലിംഗ് ഹോം, എന്ന സ്ഥാപനത്തിന് പരാമർശം (3) പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള 6 മാസക്കാലയളവിൽ സ്ഥാപനത്തിന്റെ പ്രവർത്തനച്ചെലവ് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം ശുപാർശ ചെയ്യുന്നു.

| ഇനം | സ്ഥാപനത്തിന്റെ ചിലവ് (₹) | DCPO ശുപാർശ ചെയ്യുന്ന തുക (₹) | ICPS ഗൈഡ്ലൈൻ പ്രകാരം അനുവദിക്കുന്ന തുക (₹) |
|---|---|---|---|
| ജീവനക്കാരുടെ ശമ്പളം | 5,08,000 | 4,88,000 | 4,88,000 |
| കുട്ടികളുടെ പരിപാലനം | 1,56,803 | 1,56,803 | 1,20,000 |
| Legal Expenditure | 8,640 | 8,640 | - |
| കണ്ടിജൻസി | 40,684 | 30,000 | 30,000 |
| ആകെ | 7,14,127 | 6,83,443 | 6,38,000 |
| 10% NGO വിഹിതം | 71,412 | 68,344 | 63,800 |
| ആകെ മൊത്തം | 6,42,715 | 6,15,099 | 5,74,200 |

മേൽ പട്ടിക പ്രകാരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത തുകയായ ₹6,83,443/- രൂപയിൽ നിന്ന് കുട്ടികളുടെ പരിപാലത്തിനായി അധികം ശുപാർശ ചെയ്ത ₹36,803/- രൂപയും ലീഗൽ ചെലവിനായി ₹ 8640/- രൂപയും കിഴിച്ചുള്ള ₹ 6,38,000/- രൂപയിൽ 10% എൻ.ജി.ഒ വിഹിതമായ ₹ 63800/- രൂപ കുറച്ച് ബാക്കി തുകയായ ₹ 5,74,200/- രൂപ ആദ്യ ഗഡുവായി അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനമായ സെന്റ് ജോസഫ് ഫൗണ്ട്ലിംഗ് ഹോം, കോഴിക്കോട് എന്ന സ്ഥാപനത്തിന് 2020-21 സാമ്പത്തിക വർഷത്തെ ആദ്യ ഗഡു ഗ്രാന്റായി ₹5,74,200/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തിനാലായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ഐസിപിഎസ്- ന്റെ 2235-02-102-61-34 OC (SAA Grant-in-aid component) എന്ന ശീർഷകത്തിൽ നിന്നും Sr. Mother Superior and Treasurer, Federal Bank (Cherooty Road. Kozhikode), 10560100125062, IFCS Code- FDRL0001056 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്. സ്ഥാപന മേധാവി തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിതാ ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, സാരാ**

സൂപ്രണ്ട്
സെന്റ് ജോസഫ് ഫൗണ്ട്ലിംഗ് ഹോം, കോഴിക്കോട്

പകർപ്പ്

1. ജില്ലാ വനിതാ ശിശു വികസന ഓഫീസർ
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോഴിക്കോട്
3. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
4. സൂപ്രണ്ട്, ബി സെക്ഷൻ
5. ഐ.സി.പി.എസ്- 4
6. ഓഫീസ് കോപ്പി
7. വെബ്സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**